ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സി.എൻ.വി ആക്ട് 1959-ന്റെ പരിധിയിൽ വരുന്ന ടി സ്ഥാപനങ്ങളിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നോട്ടിഫൈ ചെയ്യാതെ നികത്തിയത് ടി ആക്ടിന്റെ ലംഘനമായതിനാൽ ഉദ്യോഗദായകനെതിരെ നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രൊഫഷണൽ ആന്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ മേഖലാ ആഫീസ്

209 (3399) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ ആന്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ മേഖലാ ഓഫീസ് കോഴിക്കോട് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്നത്തേയ്ക്ക് ആരംഭിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II അറിയിപ്പ്

മി. സ്പീക്കർ : ഒരു കാര്യം കൂടി അറിയിക്കാനുണ്ട്. നിയമസഭാ സാമാജികരുടെ ഗ്രൂപ്പ് ഫോട്ടോ 29-ാം തീയതി ഉച്ചയ്ക്കുശേഷം നാലു മണിക്കാണ് എടുക്കുന്നത്. മിക്കവാറും എല്ലാവർക്കും അതിന്റെ അറിയിപ്പ് നൽകിയിട്ടുണ്ട്.

III ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്ത് നദി സംരക്ഷണ നിയമത്തിന് രൂപം നൽകേണ്ടതിന്റെ ആവശ്യകത

[അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ]

ശ്രീ മാമ്മൻ മത്തായി : സർ, സംസ്ഥാനത്തെ നദികളെ സംരക്ഷിക്കുന്നതിനായി ഇൻഡ്യൻ ഭരണഘടന ആർട്ടിക്കിൾ 48 (എ)ക്ക് അനുരോധമായി വനസംരക്ഷണത്തിന്റെ മാതൃകയിൽ ഒരു നദി സംരക്ഷണ നിയമം ഉണ്ടാക്കണമെന്ന ആവശ്യമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെയും നിയമസഭയുടേയും മുൻപിൽ ഉന്നയിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

44 നദികളും അവയുടെ മൂന്നിലധികം പോഷക നദികളുമുണ്ട്. ഈ നദികളെല്ലാം മലയാളനാടിന്റെ സിരാവ്യൂഹം പോലെ ഒഴുകി തീരദേശവാസികൾക്ക് ശുദ്ധജലം നൽകികൊണ്ടാണ് ഇരുന്നത്. ഈ നദികളെല്ലാം തന്നെ അശാസ്ത്രീയവും അനിയന്ത്രിതവുമായ ചൂഷണംവഴിയും അശ്രദ്ധമൂലവും നശിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ഊർദ്ധശ്വാസം വലിച്ചു കഴിയുന്ന പല നദികളെയും ശാസ്ത്രീയമായ പഠനങ്ങളും പരിരക്ഷണ പ്രവർത്തനങ്ങളും വഴിയേ രക്ഷിക്കുവാൻ കഴിയൂ. സംരക്ഷണത്തിന്റെ പേരിൽ അമിത ചൂഷണം നടത്തുകയും കൂടുതൽ അപകടപ്പെടുത്തുകയും ചെയ്യുന്ന ഒരു ദുഃസ്ഥിതിയാണ് ഇന്ന് എല്ലാ മേഖലകളിലും കാണുവാൻ കഴിയുന്നത്. മധ്യതിരുവിതാംകൂറിന്റെ ജീവനാഡികളായി ഒഴുകിക്കൊണ്ടിരിക്കുന്ന പമ്പയും അവയുടെ പോഷക നദികളായ അച്ചൻ കോവിലും മണിമലയും ഇന്ന് വിവിധ പാരിസ്ഥിതിക പ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ നദികളുടെ കൂട്ടായ സംഭാവനയാണ് കേരളത്തിന്റെ നെല്ലറയായ കുട്ടനാട്. കുട്ടനാട്ടിൽ കഴിഞ്ഞ കുറെ വർഷങ്ങളിൽ തുടർച്ചയായി സസ്യങ്ങൾക്കും മത്സ്യങ്ങൾക്കും, താറാവുകൾക്കും, മനുഷ്യർക്കും മാരകമായ പകർച്ചവ്യാധികൾ പിടിപെടുകയുണ്ടായി. ഒട്ടേറെ പാരിസ്ഥിതിക പ്രശ്നങ്ങളാൽ സ്വയം വീർപ്പുമുട്ടുന്ന കുട്ടനാടിലേക്ക് ശുദ്ധജലം കൊണ്ടെത്തിക്കുന്ന പമ്പയുടേയും പോഷക നദികളുടേയും തകർച്ച മധ്യതിരുവിതാംകൂറിൽ പ്രവചനാതീതമായ വിപത്തുകൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. നദി ഒരു ജൈവ വ്യവസ്ഥയാണ്. ഒഴുകുന്ന ജലവും അടിത്തട്ടിലെ മണലും ജലജീവികളുമൊക്കെ ഈ പരിസ്ഥിതിക വ്യവസ്ഥയുടെ ഭാഗങ്ങളാണ്. നദി വ്യവസ്ഥ ഇല്ലാതായാൽ നദിയുമായി ബന്ധപ്പെട്ടു വളർന്നു വരുന്ന തീരദേശസംസ്ക്കാരം തന്നെ ഇല്ലാതെയാകും. മദ്ധ്യതിരുവിതാംകൂറിലെ വറ്റാറിന്റെ അനുഭവവും അതിനൊരുദാഹരണമാണ്. അത് സംസ്ഥാന ഗവൺമെന്റിന്റെ കണ്ണു തുറപ്പിക്കുവാൻ പര്യാപ്തവുമാണ്. പമ്പയാൽ ചുറ്റപ്പെട്ടു കിടക്കുന്ന കുട്ടനാട്ടിലും പരിസര പ്രദേശങ്ങളിലും ഇപ്പോൾ അനുഭവപ്പെടുന്ന രൂക്ഷമായ ജലക്ഷാമവും അനുബന്ധപ്രയാസങ്ങളും ആരോഗ്യ പ്രശ്നങ്ങളും ചെറിയ ഉദാഹരണങ്ങൾ മാത്രമാണ്. വൃഷ്ടിപ്രദേശങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന അനിയന്ത്രിതമായ വനനശീകരണം നദികളിലുടെയുള്ള ജലപ്രവാഹത്തിന്റെ താളം തെറ്റിച്ചുവെങ്കിൽ അനിയന്ത്രിതവും അശാസ്ത്രീയവുമായി നടക്കുന്ന മണൽ വാരൽ നദിയെത്തന്നെ ഇല്ലാതാക്കുന്ന പതനത്തിലേക്ക് എത്തിച്ചിരിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുപേക്ഷണീയമായ മണലിന്റെ അമിത ഉപയോഗം ഭാവിയിൽ ഈ മേഖലയിൽ ഗുരുതരമായ പ്രതിസന്ധി സൃഷ്ടിക്കും. പമ്പ, മണിമല, അച്ചൻകോവിൽ എന്നീ നദികളിലെ മണൽവാരൽ നിലവിലുള്ള എല്ലാ നിയമങ്ങളേയും തൃണവൽഗണിച്ചുകൊണ്ടാണ് നടക്കുന്നത്. ഭൗമശാസ്ത്ര ഗവേഷണ കേന്ദ്രം അതായത് 'സെസ്' നടത്തിയ ശാസ്ത്ര പഠന റിപ്പോർട്ടുകളേയും ഹൈക്കോടതി വിധികളേയും ഗവൺമെന്റ് ഉത്തരവുകളേയും ആരും ഇന്നേവരെ പരിഗണിച്ചിട്ടില്ല. ഇവ നടപ്പിലാക്കേണ്ട ഉത്തവാദപ്പെട്ട അധികാരികളുടെ നിഷേധാത്മകമായ നിലപാട് സാക്ഷരതയിലും പരിസരബോധത്തിലും ഉന്നത നിലവാരം പുലർത്തുന്നു എന്ന് കരുതപ്പെടുന്ന കേരളീയരെ ഉറക്കെ ചിന്തിപ്പിക്കേണ്ട ഗൗരവമായ ഒരു സംഗതിയാണ്. പുണ്യനദിയായി കരുതപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

പമ്പ ഇന്ന് ഒരു കാളിന്ദിയായി മാറിയിരിക്കുന്നു. വെള്ളത്തിൽ കലർന്ന കോളീഫോം ബാക്ടീരിയയുടെ എണ്ണം 100 മില്ലിലിറ്ററിൽ ഒന്നര ലക്ഷത്തിൽ അധികമായി എന്ന റിപ്പോർട്ട് ആശങ്ക ഉളവാക്കുന്ന കാര്യമാണ്. ഇൻഡ്യൻ സറ്റാന്റേർഡ് പരമാവധി 500 എം. പി. എം. 100 മില്ലിലിറ്ററാണ്. കുടിവെള്ളത്തിൽ ഒന്നുപോലും കാണാൻ പാടില്ലാത്തതുമാണ്. തീർത്ഥാടന കാലത്ത് ശബരിമലയിലും പമ്പയിലും എരുമേലിയിലുമുണ്ടാകുന്ന മാലിന്യങ്ങളെല്ലാം പമ്പയിലും മണിമലയിലുമാണ് എത്തിച്ചേർന്നുകൊണ്ടിരിക്കുന്നത്. എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളും ഇറച്ചി വ്യാപാരത്തിന് ലൈസൻസ് കൊടുക്കുന്നുണ്ടെങ്കിലും എങ്ങും ശാസ്ത്രീയമായ സ്ലാട്ടർ ഹൗസുകൾ സ്ഥാപിച്ചിട്ടില്ല. അതുകൊണ്ടു തന്നെ ഇറച്ചിക്കടകളുടെ മാലിന്യങ്ങൾ തോടുകളിലും നദികളിലും നിക്ഷേപിക്കപ്പെടുന്നു. നദിതീരങ്ങളിലേയും ഗ്രാമീണനഗരങ്ങളിലേയും ആശുപത്രികളിലേയും മാലിന്യങ്ങൾ ആത്യന്തികമായി നദികളിലാണ് എത്തിച്ചേരുന്നത്. പമ്പ, മണിമല, അച്ചൻകോവിൽ എന്നീ നദികളിലൂടെ പ്രതി ശീർഷം 7195 ദശലക്ഷം ഘനമീറ്റർ ജലപ്രവാഹം ഉള്ളതായി കണക്കാക്കപ്പെടുന്നു. ഇന്ന് അനുഭവപ്പെടുന്ന വിപത്തുകൾ പരിഹരിക്കുന്നതിന് ചില ശ്രമങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും നടക്കുന്നു എന്നു കാണുന്നതിൽ അങ്ങേയറ്റം സന്തോഷമുണ്ട്. എങ്കിൽ പോലും നദികളുടെ പ്രശ്നങ്ങൾ അനുദിനം വഷളായികൊണ്ടിരിക്കുകയാണ്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിൽ ദേശീയ നദി സംരക്ഷണ പരിപാടി അനുസരിച്ച് കോടിക്കണക്കിന് പണം ചെലവഴിച്ച് ഇതര സംസ്ഥാനങ്ങളിൽ മലിനീകരണ ഭീഷണി നേരിടുന്ന നദികൾ സംരക്ഷിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഒരു നദിയെപ്പോലും ഈ പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടില്ല. പമ്പ, പെരിയാർ എന്നീ നദികളെ ദേശീയ നദി സംരക്ഷണ പരിപാടിയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണം. ഇതിനെ സംബന്ധിച്ച് പല നിയമങ്ങളും ഇന്ന് നിലവിലുണ്ട്. പക്ഷേ ഒരു സമഗ്ര നിയമത്തിന്റെ അഭാവത്തിൽ കാര്യങ്ങൾ ഭംഗിയായി കൊണ്ടു പോകാൻ കഴിയാത്ത സാഹചര്യമുണ്ട്. ഇൻഡ്യൻ ഭരണഘടനയുടെ 48 എ ആന്റ് 51 എ (ജി) സൂചിപ്പിക്കുന്നത്.

48 A. Protection and improvement of environment and safeguarding of forests and wild life:- The state shall endeavour to protect and improve the environment and to safeguard the forests and wild life of the country.

51A(g) to protect and improve the natural environment including forests, lakes, rivers and wild life and to have compassion for living creatures.

എന്നാണ്. അതുകൊണ്ടുതന്നെ 48.എ ക്ക് അനുരോധമായി വനസംരക്ഷണ നിയമത്തിന്റെ മാതൃകയിൽ ഒരു നദി സംരക്ഷണ നിയമത്തിന് കൊടുക്കുന്ന തിനാവശ്യമായ നടപടി ബഹുമാനപ്പെട്ട മന്ത്രിയുടേയും ഗവൺമെന്റിന്റേയും ഭാഗത്തു നിന്നുണ്ടാകണമെന്ന് വിനീതമായി ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള): സർ, കേരളത്തിൽ 44 നദികളാണുള്ളത്. മൂന്നെണ്ണം പശ്ചിമഘട്ടത്തിൽ നിന്ന് ഉൽഭവിച്ച് കിഴക്കോട്ട് ഒഴുകുന്നു. അതിൽ ബാക്കിയെല്ലാം പടിഞ്ഞാറോട്ടാണ് ഒഴുകുന്നത്. കേരളത്തിന്റെ ജീവനാഡിയായ ഈ നദികൾ ഇന്ന് മലിനീകരണം മൂലവും അമിതമായ മണൽവാരൽ മൂലവും നദികളുടെ തീരസംരക്ഷണമില്ലാതത്തുകൊണ്ടും നാശത്തിന്റെ ഭീഷണിയിലാണ്. നദികളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന പ്രവൃത്തികളാണ് പ്രധാനമായി ഏറ്റെടുത്ത് നടത്തേണ്ടത്. (1) നദിയിൽ നിന്നുള്ള അമിതവും അശാസ്ത്രീയവുമായ മണൽവാരൽ നിയന്ത്രിക്കുക (2) നദിതീരങ്ങൾ കയ്യേറിയവരെ കുടിയൊഴിപ്പിച്ച് മാറ്റി പാർപ്പിക്കുക. (3) നദികളിലെ മലിനീകരണം നിയന്ത്രിക്കുക. (4) മാലിന്യങ്ങൾ നദികളിലേക്ക് ഒഴുക്കിവിടുന്നതിനു മുൻപു തന്നെ സംസ്ക്കരിക്കുക. (5) നദികളുടെ തീരങ്ങൾ കെട്ടി സംരക്ഷിക്കുക. (6) നദിയിലേക്ക് ഉപ്പുവെള്ളം കയറുന്നത് കടയുക. (7) നദി സംരക്ഷണത്തെപ്പറ്റി പൊതുജനങ്ങളെ പ്രത്യേകിച്ച് സമീപവാസികളെ ബോധവാൻമാരാക്കുക. നദികളുടെ ഇന്നത്തെ അവസ്ഥയും അവയെ സംരക്ഷിക്കാൻ ഇന്ന് നിലവിലുള്ള നിയമങ്ങളുടെ അപര്യാപ്തതയും ശ്രദ്ധിക്കപ്പെട്ടതിന്റെ ഫലമായി 29-6-1999-ലെ സർക്കാർ ഉത്തരവുപ്രകാരം കേരളത്തിലെ ഒൻപത് പ്രമുഖ നദികളെ സംരക്ഷിത നദികളായി പ്രഖ്യാപിച്ചിട്ടുണ്ട്. അതു ഭാരതപ്പുഴ, പെരിയാർ, ചാലിയാർ, പമ്പ, കല്ലട, വാമനപുരം, ചന്ദ്രഗിരി, മീനച്ചൽ, കരമന എന്നീ നദികളാണ്. സംരക്ഷണത്തിന്റെ ആദ്യപടിയായി നദികളെ അധികാര പരിധിയിൽനിന്നും മാറ്റുകയുണ്ടായി. ഈ നദികൾ ഇപ്പോൾ പൂർണ്ണമായി സർക്കാരിന്റെ നിയന്ത്രണത്തിലാണ്. ഇവയിൽ നിന്നും മണൽ വാരുന്നതിനു അനുവാദം നൽകാനുള്ള അധികാരം ചില നിയന്ത്രണത്തിന് വിധേയമായി ബന്ധപ്പെട്ട തഹസിൽദാരിൽ നിക്ഷിപ്തമാണ്. നദികളുടെ തീര സംരക്ഷണത്തിനായി 3348.75 ലക്ഷം രൂപ ചെലവ് വരുന്ന 21 സ്കീമുകളുടെ ഒരു പ്രോജക്ട് റിപ്പോർട്ട് കേന്ദ്രഅനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ നദികളുടെ സംരക്ഷണത്തിനായി ലോക ബാങ്കിന്റെ സഹായം ലഭിക്കുവാനുള്ള കാര്യം ചർച്ച ചെയ്തു വരികയാണ്. ലോക ബാങ്ക് 2000 കോടി രൂപ ഈ കാര്യങ്ങളിൽ നദികളുടെ സംരക്ഷണത്തിനു തരാമെന്ന് പറഞ്ഞിട്ടുണ്ട്. 5 വർഷക്കാലമായി ആദ്യത്തെ വർഷത്തെ ഗഡു കിട്ടുന്നതിന് വേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് പ്രത്യേകം ചില നദികളെ എടുത്ത്-ഭാരതപ്പുഴ, പെരിയാർ, പമ്പ തുടങ്ങിയ രണ്ടുമൂന്ന് നദികളുടെ സംരക്ഷണമാണ് ആദ്യവർഷം കൊണ്ടുദ്ദേശിക്കുന്നത്. അത് വേൾഡ് ബാങ്കിൽ സമർപ്പിച്ചിട്ടുണ്ട്. അതിന്റെ പ്രോജക്ടുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ നദികളിൽ നിന്ന് അനധികൃതമായി മണൽ വാരുന്നത് നദികളുടെ നാശത്തിന് വഴി തെളിക്കുന്നുണ്ട്. ഗാർഹികവും ഗാർഹികേതരവുമായി മാലിന്യങ്ങൾ വന്നടിയുന്നതുമൂലം നദികൾക്കും പരിസ്ഥിതിക്കും മൊത്തത്തിലുണ്ടാകുന്ന ഹാനി വളരെ വലുതാണ്. ഇത് നിയന്ത്രിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണെന്നതിനാൽ ജലസേചനം, തദ്ദേശ സ്വയംഭരണം, കേരള മലീനകരണ നിയന്ത്രണബോർഡ് എന്നിവയുമായി ഏകോപിപ്പിച്ചുകൊണ്ട് കൂടുതൽ കർശന നിയമ നടപടികൾ രൂപപ്പെടുത്തേണ്ട ആവശ്യം ബോദ്ധ്യമായിട്ടുണ്ട്. കൂടാതെ ഇതിനെപ്പറ്റി പൊതുജനങ്ങളേയും പ്രത്യേകിച്ച് തദ്ദേശവാസികളേയും ബോധവാൻമാർ ആക്കേണ്ടതുണ്ട്. പ്രധാന നദികളുടെ സംയോജിത സംരക്ഷണത്തിനായി ഒരു റിവർ പ്രൊട്ടക്ഷൻ അതോറിറ്റി അടിയന്തിരമായി രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

ശ്രീ. മാമ്മൻ മത്തായി : ശ്രദ്ധക്ഷണിക്കലിൽ സൂചിപ്പിച്ചതുപോലെ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഒരു സമഗ്രമായ നിയമം ബഹുമാനപ്പെട്ട മന്ത്രിയുടെ കാലത്തുതന്നെ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അതിന് ശ്രമിക്കുന്നതാണ്.

(2) പൊതുവിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന പോരായ്മകൾ

ശ്രീ. എ. അലി ഹസ്സൻ : സർ, ഏതാനും ദിവസങ്ങൾക്ക് മുൻപ് നമ്മുടെ ഉന്നത വിദ്യാഭ്യാസരംഗത്ത് അടിയന്തിര പ്രാധാന്യമുള്ള ചില വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ജി. സുധാകരൻ ഇവിടെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചു. പൊതു വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള ചില പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരമുണ്ടാകണമെന്ന ഒരു അഭ്യർത്ഥനയാണ് ഈ ശ്രദ്ധക്ഷണിക്കലിൽ കൂടി ഞാൻ ബഹുമാനപ്പെട്ട സഭയുടെ മുൻപിൽ അവതരിപ്പിക്കുന്നത്. കാലം മാറുന്നതിനനുസരിച്ച് എല്ലാ രംഗങ്ങളിലും മാറ്റങ്ങൾ അനിവാര്യമാണ്. വിദ്യാഭ്യാസരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന വിപ്ലവാത്മകമായ ചില മാറ്റങ്ങൾ ചില്ലറയല്ല. പ്രീ-പ്രൈമറി തൊട്ട് സെക്കന്ററി തലം വരെ അടിയന്തിരമായി പരിഹാരം കാണാനുള്ള ചില പ്രശ്നങ്ങളുണ്ട്. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് വർഷങ്ങൾക്ക് മുൻപ് പ്രീ-പ്രൈമറി സ്കൂളുകളോട് ചേർന്ന് പി.ടി.എ.-യുടെ അഭിമുഖ്യത്തിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്താൻ സർക്കാർ അനുവാദം നൽകിയിരുന്നു. പല കാരണങ്ങളാൽ കുട്ടികളുടെ എണ്ണം കുറയുകയും ക്ലാസ്സുകളുടെ പ്രവർത്തനം നിലയ്ക്കുകയും ചെയ്തിരിക്കുകയാണ്. ഇത്തരം സ്കൂളുകൾക്ക് പുനർ ജീവൻ നല്കുന്നതിനും തൊഴിൽ രഹിതരായ അദ്ധ്യാപകർക്ക് സംരക്ഷണം നൽകി തൊഴിൽ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനും സർക്കാരിന്റെ ഭാഗത്തുനിന്നും ഉദാരമായ സമീപനമുണ്ടാകണം. ഇതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പരിഗണനയിലുള്ള പ്രീ-പ്രൈമറി വിദ്യാഭ്യാസ ബിൽ കഴിയുന്നതും വേഗത്തിൽ നിയമമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. വർഷങ്ങൾക്ക് മുമ്പ് അക്കോമഡേഷന്റെ അഭാവം കൊണ്ട് ചില സ്ക്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുകയുണ്ടായി. ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയതിന്റെ ഫലമായി വിദ്യാഭ്യാസനിലവാരത്തിലും പോരായ്മ ഉണ്ടായിട്ടുണ്ട്. ഇന്ന് തദ്ദേശസ്വയംഭരണ

LIBRARY ARCHIVES Kerala Legislative Assembly